**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2144

18.03.2015-ലെ മറുപടിയ്ക്ക്

## നന്മ, ത്രിവേണി സ്റ്റോറുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) കൺസ്യൂമർ ഫെഡിന് കീഴിൽ പ്രവർത്തിച്ചിരുന്ന എത്ര നന്മ സ്റ്റോറുകളും ഓഫീസുകളുമാണ് പ്രവർത്തന രഹിതമായതെന്ന് വ്യക്തമാക്കുമോ; | (എ) കൺസ്യൂമർഫെഡിന് കീഴിൽ പ്രവർത്തിച്ചുവരുന്ന 9 നന്മ സ്റ്റോറുകളുടെയും 50 നന്മ പായ്ക്കിംഗ് ഗോഡൗണുകളുടെയും പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ട്. |
| (ബി) ഇത് മൂലം എത്ര ജീവനക്കാരുടെ ജോലി നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കുമോ; | (ബി) പ്രവർത്തനം അവസാനിപ്പിച്ച നന്മ സ്റ്റോറുകളുടെയും ഗോഡൗണുകളുടെയും ജീവനക്കാരെ കൺസ്യൂമർഫെഡിന്റെ മറ്റ് യൂണിറ്റുകളിലേയ്ക്ക് പുനർവിന്യസിച്ചിട്ടുള്ളതിനാൽ ടി ജീവനക്കാർക്ക് ജോലി നഷ്ടപ്പെട്ടിട്ടില്ല. |
| (സി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾക്ക് എത്ര വാഹനങ്ങൾ വാങ്ങിയിരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾക്ക് വേണ്ടി 142 വാഹനങ്ങളാണ് വാങ്ങിയിട്ടുള്ളത്. |

(ഡി) ഇതിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നു എന്നും പ്രവർത്തന രഹിതമായ വാഹനങ്ങൾ എവിടെയാണുള്ളത് എന്നും വ്യക്തമാക്കുമോ?

(ഡി) ഇതിൽ 81 എണ്ണം ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. പ്രവർത്തന രഹിതമായി 61 മൊബൈൽ ത്രിവേണികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ജില്ല | മൊബൈൽ ത്രിവേണികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 4 |
| ആലപ്പുഴ | 1 |
| പത്തനംതിട്ട | 3 |
| കോട്ടയം | 2 |
| എറണാകുളം | 10 |
| തൃശ്ശൂർ | 5 |
| പാലക്കാട് | 4 |
| മലപ്പുറം | 13 |
| കോഴിക്കോട് | 1 |
| കാസർഗോഡ് | 16 |
| ആകെ | 61 |

സെക്ഷൻ ഓഫീസർ